19.07.2009

കാർമ്മൽ മോണസ്ട്രി

കർമ്മലമാതാ തിരുന്നാൾ

# ഉത്തരീയ ഭക്തി

ഇന്ന് കർമ്മലമാതാവിന്റെ തിരുനാളാണ് നാം ആഘോഷിക്കുന്നത്. ഇതോടനുബന്ധിച്ച് നൂറുകൊല്ലങ്ങൾക്ക് മുമ്പ് സ്ഥാപിതമായ ഈ തിരക്കുടുംബ ദേവാലയത്തിന്റെ ശതാബ്ദിയാഘോഷങ്ങൾക്ക് നാം തുടക്കം കുറിക്കുകയും ചെയ്യുന്നു. കർമ്മലീത്താ മൂന്നാം സഭ ഇവിടെ സ്ഥാപിതമായിട്ടും നൂറുകൊല്ലം പൂർത്തിയാവുകയാണ്. ഈ പശ്ചാത്തലത്തിൽ ദേവാലയത്തെക്കുറിച്ചും ഉത്തരീയ ഭക്തിയെക്കുറിച്ചും ചിന്തിക്കേണ്ട ഒരു ദിവസമായിട്ടാണ് ഞാൻ ഇതിനെ കരുതുന്നത്.

ഇന്ത്യയിലെ ആദ്യത്തെ രൂപതയായ കൊല്ലം രൂപതയ്ക്ക് ദീർഘകാലം നേതൃത്വം നല്കിയിരുന്നത് കർമ്മലീത്ത സഭയും ആ സഭയിലെ മെത്രാന്മാരുമായിരുന്നു. 1937-ൽ കൊല്ലം രൂപതയിൽ നിന്നും തിരുവനന്തപുരം രൂപത വിഭജിക്കപ്പെട്ടപ്പോൾ പുതിയ രൂപതയും കർമ്മലീത്താ സഭയുടെ നിയന്ത്രണത്തിലായിരുന്നു. അതുകൊണ്ടുതന്നെ കർമ്മലീത്താ സഭയുടെ ആദ്ധ്യാത്മീകത തിരുവനന്തപുരം രൂപതയിലാകമാനം ഇന്നും നിറഞ്ഞുനില്ക്കുന്നു. കർമ്മലീത്താക്കാരാണ് ഈ ദേവാലയം ഇവിടെ നിർമ്മിച്ചതും ഈ രൂപതയിലാകമാനം ഉത്തരീയഭക്തി പ്രോത്സാഹിപ്പിച്ചതും.

ഈ ദേവാലയത്തിലൂടെ കഴിഞ്ഞ ഒരു നൂറ്റാണ്ടായി ദൈവം നമ്മിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾക്ക് ദിവ്യബലിയർപ്പിച്ചുകൊണ്ട് നല്ല ദൈവത്തിന് നമുക്ക് നന്ദി പറയാം. ഈ ദേവാലയ നിർമ്മാണത്തിനായി ത്യാഗങ്ങളനുഭവിച്ചവരെയും അതിനു നേതൃത്വം നല്കിയ കർമ്മലീത്താ സഭയെയും ഏറ്റവും പ്രധാനമായി ഈ ദേവാലയം ആശീർവദിച്ചു ദൈവത്തിനു പ്രതിഷ്ഠിച്ച അന്നത്തെ അവിഭക്ത കൊല്ലം രൂപതയുടെ അദ്ധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ അലോഷ്യസ് മരിയ ബെൻസിഗർ പിതാവിനെയും നമുക്കു നന്ദിയോടും സ്നേഹത്തോടുംകൂടി ഓർമ്മിക്കാം.

## 1.. ദേവാലയം

ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് ദേവാലയം. നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും ഒരേ ഒരു ഉത്തരമേയുള്ളു: ദൈവം. ദൈവത്തിൽ നിന്നാണ് നാം വരുന്നതും, ദൈവമാണ് നമ്മുടെ ജീവിതത്തിന് അർത്ഥം നൽകുന്നതും ദൈവത്തിങ്കലേക്കാണ് നാം പോകുന്നതും. ഈ ദൈവത്തെ നാം കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന വേദിയാണ് ദേവാലയം.

## 2.. കർമ്മലമല ഒരു ദേവാലയം

കർമ്മലമല ഒരിക്കൽ ഒരു ദേവാലയമായിരുന്നു. അവിടെയുണ്ടായിരുന്ന ബലിവേദിയെ ആഹാബു രാജാവു തകർത്തുകളഞ്ഞു. ആഹാബ് രാജാവിനെയും ബാൽദേവന് ബലിയർപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ വ്യാജപ്രവാചകന്മാരെയും കർമ്മല മലയുടെ മുകളിൽ വച്ച് ഏലിയാ പ്രവാചകൻ വെല്ലുവിളിക്കുന്നു. ഈ വ്യാജപ്രവാചകന്മാർ ബലിയർപ്പിച്ചപ്പോൾ അതിനു സ്വർഗ്ഗത്തിൽ നിന്ന്

ഉത്തരമുണ്ടായില്ല. എന്നാൽ ഏലിയാ, ആഹാബ് രാജാവ് തകർത്ത ദൈവത്തിന്റെ ബലിപീഠം പുനരുദ്ധരിച്ചുകൊണ്ട്, അവിടെ ബലിയർപ്പിച്ചപ്പോൾ ആകാശത്തിൽ നിന്ന് അഗ്നി ഇറങ്ങി ബലിവസ്തുക്കളെ ദഹിപ്പിച്ചു. അതോടെ ഇസ്രായേലിന്റെ വലിയൊരു പ്രശ്നത്തിനും അറുതി വന്നു. ദീർഘകാലമായി അവർ അനുഭവിച്ചുകൊണ്ടിരുന്ന വരൾച്ച അവസാനിച്ചു. പ്രത്യാശയുടെ അടയാളമായി പെയ്യാൻപോകുന്ന കനത്ത മഴയുടെ മുന്നോടിയായി ‘‘കടലിൽ നിന്ന് മനുഷ്യകരങ്ങളോളമുള്ള ചെറിയൊരു മേഘം പൊന്തി വന്നു’’ (1 രാജാ. 18, 14). കർമ്മലമലയാകുന്ന ദേവാലയത്തിൽ ഏലിയാ പ്രവാചകൻ അർപ്പിച്ച ദഹനബലിക്കും പ്രാർത്ഥനകൾക്കും ഉത്തരമായി ദൈവം നല്കാൻ പോകുന്ന അനുഗ്രഹങ്ങളുടെ ഒരു അടയാളമായിരുന്നു കടലിൽ നിന്നളും പൊന്തിവന്ന ഈ ചെറിയ കാർമേഘം. പിൽക്കാലത്ത് ദൈവാനുഗ്രഹങ്ങളുടെ പ്രതീകമായി കർമ്മലമാതാവ് നല്കിയ ഉത്തരീയത്തിന്റെ ഒരു മുന്നോടിയായിട്ടാണ് കർമ്മലീത്താക്കാർ കടലിൽ നിന്നും പൊന്തിവന്ന ഈ ചെറിയ മേഘത്തെ വ്യാഖ്യാനിക്കുന്നത്. ദൈവ സാന്നിധ്യമുള്ള ഇടങ്ങളെല്ലാം, ദേവാലയങ്ങളാണ്. ദേവാലയത്തിൽ ദൈവവുമായി ബന്ധപ്പെടുമ്പോൾ നമുക്കു ലഭിക്കുന്ന നിരവധിയായ അനുഗ്രഹങ്ങളുടെ പ്രതീകമായിട്ടാണ് കർമ്മലമലയിലെ ചെറിയ കാർമേഘത്തെ സൂചിപ്പിക്കുന്ന ഉത്തരീയം നില്ക്കുന്നത്.

## 3. ഉത്തരീയ ഭക്തി

കുഞ്ഞുനാൾ മുതലേ ഉത്തരീയ ഭക്തിയെക്കുറിച്ച് ഞാൻ ധാരാളം കേട്ടിട്ടുണ്ട്. ഞാൻ ഒരു ബാലനായിരുന്നപ്പോൾ ഞങ്ങൾ കുറേപ്പേർ ഒരു വൈദികന്റെ മേടയിൽചെന്ന് ഉത്തരീയം ചോദിച്ചത് ഓർക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പക്കൽ ഒരു ഉത്തരീയമേ ഉണ്ടായിരുന്നുള്ളൂ. കൂട്ടത്തിൽ ഏറ്റവും ചെറിയ കുട്ടിയായി എന്നെ കണ്ടതുകൊണ്ടായിരിക്കും ആ ഉത്തരീയം അദ്ദേഹം എനിക്കു തന്നു. മറ്റാർക്കും കിട്ടാത്ത ഒരു വിശുദ്ധ വസ്തു എനിക്കു കിട്ടിയപ്പോൾ വളരെയേറെ അഭിമാനവും സന്തോഷവും തോന്നി. ഒരു നിധി എന്നതുപോലെയാണ് ഞാൻ ആ ഉത്തരീയം ധരിച്ചുകൊണ്ടു നടന്നത്.

ഒരു സെമിനാരി വിദ്യാർത്ഥിയായിരുന്നപ്പോൾ കർമ്മലീത്താക്കാരുടെ നിയന്ത്രണത്തിലായിരുന്ന ആലുവാ കാർമ്മൽ ഹിൽ സെമിനാരിയിലാണ് ഞാൻ ഫിലോസഫി പഠിച്ചത്. ഇഷ്ടമുള്ള വൈദിക വിദ്യാർത്ഥികൾക്ക് കർമ്മലമാതാവിന്റെ തിരുനാൾ ദിവസം കർമ്മലീത്താ മൂന്നാം സഭയിൽ ചേരുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. ഞാനും കർമ്മലീത്താ മൂന്നാംസഭയിൽ ചേർന്നു. അന്ന് എനിക്ക് കിട്ടിയത് സാമാന്യം വലിപ്പമുള്ള ഉത്തരീയമായിരുന്നു.

ഇന്നും ഞാൻ എപ്പോഴും ധരിക്കുന്ന ഒരേഒരു വിശുദ്ധവസ്തു ഉത്തരീയമാണ്. ഏതാനും മാസങ്ങൾക്കുമുമ്പ് ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയനാകാൻ ഓപ്പറേഷൻ തിയേറ്ററിൽ കൊണ്ടുചെന്നപ്പോൾ ഡോക്ടർമാർ എന്റെ കഴുത്തിൽ കിടന്ന ഉത്തരീയം കണ്ടിട്ട് അതു എടുത്തുമാറ്റാനാവശ്യപ്പെട്ടു. ഡോക്ടർമാർ പറഞ്ഞാൽ അനുസരിക്കാതെ നിവർത്തിയില്ലല്ലോ. ഓപ്പറേഷനുശേഷം അവർ ആ ഉത്തരീയം ഭദ്രമായി എന്നെ തിരിച്ചേല്പിച്ചു. എന്തെന്നറിയില്ല, ധരിച്ചു തഴമ്പിച്ചതുകൊണ്ടായിരിക്കാം, എന്നെ സംബന്ധിച്ചിടത്തോളം ഉത്തരീയം ധരിക്കാതിരിക്കുന്നത് അസ്വസ്തത ഉളവാക്കുന്ന ഒരു അനുഭവമാണ്.

എന്തിന് ഞാൻ ഉത്തരീയം ധരിക്കുന്നു എന്നതിനെക്കുറിച്ച് ഞാൻ ചിലപ്പോഴൊക്കെ ചിന്തിക്കാറുണ്ട്. പണ്ടൊക്കെ ഉത്തരീയ ഭക്തിയെക്കുറിച്ച് ബന്ധപ്പെട്ടവർ പറയുന്നതൊക്കെ ഞാൻ കണ്ണുമടച്ചു

വിശ്വസിക്കുമായിരുന്നു. പിന്നെപ്പിന്നെ ഉത്തരീയ ഭക്തിയുടെ ആവശ്യകതയെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും പലപല ചോദ്യങ്ങളും സംശയങ്ങളും എന്റെ മനസ്സിൽ തോന്നാൻ തുടങ്ങി. എന്റെ ഏറ്റവും വലിയ ചോദ്യവും സംശയവും ഇതായിരുന്നു. ഉത്തരീയ ഭക്തിയെക്കുറിച്ച് ഈ പറഞ്ഞുകേൾക്കുന്നതെല്ലാം അപ്പടി ശരിയാണോ? എന്തൊക്കെയാണ് നാം പറഞ്ഞുകേൾക്കുന്നത്?

**4. ഉത്തരീയഭക്തിയുടെ പശ്ചാത്തലവും മാതാവു നല്കിയ വാഗ്ദാനങ്ങളും**

പതിമൂന്നാം നൂറ്റാണ്ടിൽ കർമ്മലീത്താസഭ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുകയായിരുന്നു. സഭയെ സംബന്ധിച്ചിടത്തോളം അത് എല്ലാവിധത്തിലും ഒരു പീഡനത്തിന്റെ കാലമായിരുന്നു. എങ്ങനെ ഈ സഭയെ മുന്നോട്ടുനയിക്കണമെന്നറിയാതെ സഭയുടെ ആറാമത്തെ ജനറലും ഇംഗ്ലണ്ടിലെ എയ്ൽസ്ഫോർഡ് ആശ്രമവാസിയുമായിരുന്ന വിശുദ്ധ സൈമൺ സ്റ്റോക്ക് നട്ടം തിരിയുകയായിരുന്നു. അദ്ദേഹം കർമ്മലനാഥയോട് തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു:

1251 ജൂലായ് മാസം 16-ാം തിയതി അർദ്ധരാത്രി വിശുദ്ധ സൈമൺസ്റ്റോക്ക് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വാനവഗണങ്ങളുടെ അകമ്പടിയോടെ കർമ്മലമാതാവ് അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു. സാഹോദര്യത്തിന്റെ അടയാളമായും, രക്ഷയുടെ അച്ചാരമായും കർമ്മലമാതാവ് അദ്ദേഹത്തിന് ഉത്തരീയം നല്കി. ഈ ഉത്തരീയം ധരിച്ചു മരിക്കുന്നവരാരും നിത്യമായും നശിച്ചുപോവുകയില്ലെന്ന് അമ്മ അദ്ദേഹത്തോടു വാഗ്ദാനം ചെയ്തു. വിശുദ്ധ സൈമൺ സ്റ്റോക്കുവഴി നൽകപ്പെട്ട ഈ വാഗ്ദാനത്തിനു പുറമെ ഉത്തരീയ ഭക്തിയോടു ബന്ധപ്പെട്ടു നിൽക്കുന്ന മറ്റൊരു വാഗ്ദാനം കൂടിയുണ്ട്. 1322 മാർച്ച് മാസം മൂന്നാം തിയതി കർമ്മല മാതാവ് ഇരുപത്തിരണ്ടാം യോഹന്നാൻ മാർപ്പാപ്പയ്ക്ക് ദർശനം നൽകി. കൃപാവരങ്ങളുടെ രാജ്ഞിയായ മറിയം ശനിയാഴ്ചതോറും ശുദ്ധീകരണസ്ഥലത്ത് ഇറങ്ങിവരുമെന്നും ഉത്തരീയം ധരിച്ചു മരിക്കുന്നവരെയെല്ലാം ഉടൻതന്നെ അവിടെ നിന്നും മോചിപ്പിക്കുമെന്നും അദ്ദേഹത്തോടു പറഞ്ഞു. ഇതൊക്കെയാണ് ഉത്തരീയ ഭക്തിയെക്കുറിച്ച് നാം പറഞ്ഞുകേൾക്കുന്ന ചില വസ്തുതകൾ. ഇവിടെയാണ് എന്റെ ചോദ്യങ്ങളും സംശയങ്ങളും ആരംഭിക്കുന്നത്.

**5. ഉത്തരീയം ധരിക്കുന്നവർക്കെല്ലാം രക്ഷകിട്ടുമെന്നുപറയുന്നത് അന്ധവിശ്വാസമല്ലേ?**

ഉത്തരീയം, അഥവാ വെറും രണ്ടുകഷ്ണം തുണി കഴുത്തിൽ ധരിച്ചുകൊണ്ടുമരിച്ചാൽ നിത്യശിക്ഷയ്ക്ക് വിധേയരാവുകയില്ലെന്നു പറയുന്നത് ശുദ്ധ അസംബന്ധമല്ലേ; കടുത്ത അന്ധവിശ്വാസമല്ലേ? അങ്ങനെയാണെങ്കിൽ സുകൃതജീവിതം നയിക്കുന്നവരും പാപികളും തമ്മിൽ എന്തു വ്യത്യാസം? മരിക്കാൻ പോകുന്നുവെന്നറിയുമ്പോൾ ഉത്തരീയം ധരിച്ചാൽ മതിയല്ലോ? ഇത് ക്രിസ്തുവും സഭയും നമ്മെ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾക്കു നിരക്കുന്നതാണോ? കുറേ നാളുകൾക്കുമുമ്പ് പത്രവാർത്തകളുണ്ടായിരുന്നു. ശുദ്ധീകരണസ്ഥലം എന്ന ഒന്നില്ലെന്ന് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പറഞ്ഞതായിട്ട്. അങ്ങനെയാണെങ്കിൽ ഓരോ ശനിയാഴചയും ശുദ്ധീകരണസ്ഥലത്ത് ഇറങ്ങിവന്ന് ഉത്തരീയം ധരിച്ചവരെ താല്ക്കാലിക ശിക്ഷയിൽനിന്നും മോചിപ്പിക്കുമെന്ന കർമ്മലമാതാവിന്റെ വാഗ്ദാനം ഒരു കെട്ടുകഥയല്ലേ? ഈ വക ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം കണ്ടെത്താതെ ഉത്തരീയ ഭക്തിയിൽ വളരാനും കർമ്മലനാഥയുടെ വാഗ്ദാനങ്ങൾക്ക് യോഗ്യരായിത്തീരുവാനും സാധിക്കുകയില്ല.

ഉത്തരീയം ധരിച്ച് മരിക്കുന്ന ആരുംതന്നെ നിത്യശിക്ഷയ്ക്ക് വിധേയരാവുകയില്ല എന്ന് പരിശുദ്ധമാതാവ് പറഞ്ഞപ്പോൾ ഭക്തിയോടും വിശുദ്ധിയിൽ വളരാനുള്ള ആഗ്രഹത്തോടുംകൂടി ഉത്തരീയം ധരിക്കുന്നവരെയാണ് മാതാവ് ഉദ്ദേശിച്ചത്. ഭക്തിയോടുകൂടി ധരിക്കുമ്പോൾമാത്രമേ അതു ഉത്തരീയമാവുകയുള്ളൂ. അല്ലാത്തവരെ സംബന്ധിച്ചിടത്തോളം അതുവെറും രണ്ടുകഷ്ണം തുണിയായി അവശേഷിക്കും. അങ്ങനെയുള്ളവരെല്ലാം ഉത്തരീയം ധരിച്ചതുകൊണ്ട് മാതാവിനെ ബഹുമാനിക്കുന്നതിനുപകരം അവഹേളിക്കുകയായിരിക്കും ചെയ്യുന്നത്.

ഉദാഹരണമായി, ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പം ഞാനാണ്, ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീവിക്കും'' (യോഹ. 6, 51). ഇത് യേശു എല്ലാവർക്കുമായി നൽകിയ വാഗ്ദാനം. എന്നാൽ ഈ വാഗ്ദാനം എല്ലാവരിലും നിറവേറണമെന്നില്ല. അന്ത്യ അത്താഴ സമയത്ത് സ്നേഹത്തോടുകൂടി ഈ അപ്പം ഭക്ഷിച്ച പതിനൊന്നു അപ്പോസ്തലന്മാരെ സംബന്ധിച്ചിടത്തോളം ഈ അപ്പം ജീവന്റെ അപ്പമായിരുന്നു; നിത്യജീവൻ അവർക്കെല്ലാം നല്കുന്നതായിരുന്നു. എന്നാൽ വെറുപ്പോടുകൂടി യേശുവിനെ ഒറ്റിക്കൊടുക്കുവാനുള്ള ദൃഢനിശ്ചയത്തോടുകൂടി ഈ അപ്പം ഭക്ഷിച്ച യൂദാസിന്റെ ഹൃദയത്തിൽ സാത്താൻ പ്രവേശിച്ചുവെന്നാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (യോഹ. 13, 27). യേശുവിനോടൊപ്പം നിത്യമായി ജീവിക്കുന്നതിനുപകരം അവൻപോയി കെട്ടിത്തൂങ്ങി ചാകുകയും ചെയ്തു (മത്താ. 27, 5).

ഇന്നും സാത്താൻസേവ ചെയ്യുന്നവരുടെ സംഘങ്ങളുണ്ട്. ചില കപടഭക്തന്മാരിൽ നിന്ന് പരിശുദ്ധ കുർബ്ബാന രഹസ്യമായി വിലകൊടുത്ത് മേടിച്ചതിനുശേഷം തിരുവോസ്തിയെ അങ്ങേയറ്റം അവഹേളിക്കുന്ന കർമ്മങ്ങൾ നടത്തിയിട്ട് അവരും അതിനെ ഭക്ഷിക്കുന്നുണ്ട്. യൂദാസിന്റെ ഹൃദയത്തിലെന്നതുപോലെ ഇവരുടെ ഹൃദയങ്ങളിലും അതുവഴി പ്രവേശിക്കുന്നത് സാത്താനാണ്. അതുകൊണ്ട് തന്റെ ശരീരം ഭക്ഷിക്കുന്നവരെല്ലാം നിത്യമായി ജീവിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തപ്പോൾ യേശു ഉദ്ദേശിച്ചത് ഭക്തിയോടും സ്നേഹത്തോടും ബഹുമാനാദരവുകളോടും വിശുദ്ധിയിൽ വളരാനുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടുംകൂടി ദിവ്യകാരുണ്യം സ്വീകരിക്കുന്നവരെയാണ്. ഇതുപോലെ ഉത്തരീയത്തോടുള്ള ആദരവോടുകൂടി അതു ധരിക്കുന്നവരാണ് നിത്യശിക്ഷയ്ക്കു വിധേയരാകുകയില്ലെന്ന് പരിശുദ്ധ മറിയവും വാഗ്ദാനം ചെയ്തത്. പരിശുദ്ധ കുർബ്ബാനയും ഉത്തരീയവും തമ്മിൽ സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള വ്യത്യാസമുണ്ട്. എങ്കിലും ഭക്തിപൂർവ്വം ഉത്തരീയം ധരിക്കുന്നവർക്ക് വിശുദ്ധിയിൽ വളരാനുള്ള പ്രത്യേക കൃപാവരങ്ങളും വെളിച്ചവും പ്രചോദനവും പരിശുദ്ധകന്യകാമറിയത്തിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യം വഴി ലഭിക്കും. അതുവഴി അവർ രക്ഷപ്രാപിക്കുകയും നിത്യജീവന് അവകാശികളായി ഭവിക്കുകയും ചെയ്യുമെന്നാണ് കർമ്മലമാതാവ് വാഗ്ദാനം ചെയ്യുന്നത്.

## 6. ഉത്തരീയ ഭക്തിയിലൂടെയുള്ള ശുദ്ധീകരണസ്ഥലത്തിൽ നിന്നുള്ള മോചനത്തിന്റെ അർത്ഥമെന്ത്?

ഇതോടനുബന്ധിച്ച മറ്റൊരു പ്രശ്നത്തിലേക്ക് നമുക്കു ശ്രദ്ധതിരിക്കാം. ശനിയാഴ്ചതോറും ശുദ്ധീകരണസ്ഥലത്തേയ്ക്ക് ഇറങ്ങിവന്ന് ഭക്തിപൂർവ്വം ഉത്തരീയം ധരിച്ചു മരിക്കുന്നവരെയെല്ലാം മോചിപ്പിക്കുമെന്ന് കർമ്മലമാതാവ് 22-ാം യോഹന്നാൻ മാർപ്പാപ്പയ്ക്ക് വാഗ്ദാനം നല്കുന്നു. എന്നാൽ ഈ അടുത്ത കാലത്ത് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പ്രസിദ്ധീകരിച്ച ''പ്രത്യാശയിൽ

രക്ഷ'' എന്ന ചാക്രിയലേഖനത്തിൽ ശുദ്ധീകരണസ്ഥലം എന്ന ഒന്നില്ലെന്ന് മാർപ്പാപ്പ പറഞ്ഞതായി പത്രമാദ്ധ്യമങ്ങളിൽ വായിക്കുകയുണ്ടായി. ഇതെങ്ങനെ പൊരുത്തപ്പെട്ടുപോകും?

മേല്പറഞ്ഞ ചാക്രിയലേഖനത്തിൽ ദൈവത്തിന്റെ നീതിയെയും കൃപയെയുംകുറിച്ച് പഠിപ്പിക്കുമ്പോഴാണ് ശുദ്ധീകരണസ്ഥലം എന്ന സങ്കല്പം യഥാർത്ഥത്തിൽ എന്താണെന്ന് മാർപ്പാപ്പ നമുക്കു ഒന്നുകൂടി വ്യക്തമാക്കിത്തരുന്നത്. മരണത്തിനും ഉയിർപ്പിനും ഇടയ്ക്ക് ഒരു അവസ്ഥയുണ്ടെന്ന് യഹൂദന്മാർ പരക്കെ വിശ്വസിച്ചിരുന്നു. ഈ ഇടക്കാല അവസ്ഥയെക്കുറിച്ചുള്ള യഹൂദന്മാരുടെ സങ്കല്പമാണ് പിൽക്കാലത്ത് പാശ്ചാത്യസഭയിൽ ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ച പ്രബോധനമായി പരിണമിച്ചത്. പത്രമാദ്ധ്യമങ്ങളിൽ നാം വായിച്ചതുപോലെ മരണത്തിനും ഉയിർപ്പിനും ഇടയ്ക്കുള്ള ഈ ശുദ്ധീകരണത്തിന്റെ സാദ്ധ്യത മാർപ്പാപ്പ തന്റെ ചാക്രിയലേഖനത്തിൽ നിഷേധിക്കുന്നില്ല. നമ്മളൊക്കെ വിചാരിക്കുന്നതുപോലെ ഒരു പ്രത്യേക സ്ഥലത്തില്ലല്ല ഈ ശുദ്ധീകരണ പ്രക്രിയ നടക്കുന്നത്, പിന്നെയോ മനുഷ്യബുദ്ധിയ്ക്കതീതമായ ഒരു അവസ്ഥയിലാണ് ഇതു സംഭവിക്കുന്നതെന്ന് മാർപ്പാപ്പ ഒന്നുകൂടി വ്യക്തമാക്കുകയാണ് ചെയ്തത്.

മരണത്തിലൂടെ കടന്നുപോകുന്നവരെ മൂന്നു വ്യത്യസ്തഗണമായി തിരിക്കാം. ഒന്നാമത്തെ കൂട്ടർ സുകൃതജീവിതം നയിച്ച പുണ്യാത്മാക്കളാണ്. ദൈവത്തോടും അയല്ക്കാരോടുമുള്ള സ്നേഹത്തിന് ഒരു കുറവും വരുത്താത്ത ഇവർ മരണത്തിലൂടെ യാതൊരു ശുദ്ധീകരണത്തിന്റെ ആവശ്യവും കൂടാതെ നിത്യ സൗഭാഗ്യത്തിലേയ്ക്ക് കടന്നുപോകുന്നു. രണ്ടാമത്തെ കൂട്ടർ ജീവിതകാലത്ത് സത്യത്തിനായുള്ള ആഗ്രഹവും സ്നേഹിക്കാനുള്ള സന്നദ്ധതയും മുഴുവനായും നശിപ്പിച്ചവരാണ്. ഇങ്ങനെ മാരക പാപങ്ങളിലൂടെ ശുദ്ധീകരണംതന്നെ അസാദ്ധ്യമാക്കിത്തീർത്ത ഇവർ ഒരിക്കലും രക്ഷപ്പെടാനാവാതെ നിത്യ ശിക്ഷയനുഭവിക്കുന്നു.

എന്നാൽ മരണത്തിലൂടെ കടന്നുപോകുന്ന ബഹുഭൂരിപക്ഷം ആളുകളും സത്യത്തിലേക്കും നീതിയിലേക്കും ദൈവത്തിലേക്കും ഒരു ആന്തരിക തുറവിയുള്ളവരാണ്. എന്നിരുന്നാലും മരണത്തിലൂടെ കടന്നുപോകുന്ന ഈ മൂന്നാമത്തെകൂട്ടർക്ക് സൃഷ്ടവസ്തുക്കളുടെ ആകർഷണവലയത്തിൽ നിന്നും തങ്ങളെത്തന്നെ പരിപൂർണ്ണമായും വിമുക്തരാക്കാൻ സാധിച്ചിട്ടില്ല. വിശുദ്ധിക്കായുള്ള ദാഹം ഇവരിൽ നിലനില്ക്കുന്നതുകൊണ്ട് ദൈവത്തിൽ നിന്ന് അകന്നുപോകുവാൻ ഇവർക്കു സാധിക്കുകയില്ല. അതേസമയംതന്നെ തങ്ങളെ ആവരണംചെയ്യുന്ന പാപമാലിന്യങ്ങൾ കാരണം ഇവർക്ക് ദൈവത്തെ സമീപിക്കാനും സാധിക്കുന്നില്ല. മരണനേരത്ത് ഇവർക്ക് എന്തു സംഭവിക്കും? വിശുദ്ധ പൗലോസ് അപ്പോസ്തലനെ ഉദ്ധരിച്ചുകൊണ്ട് മാർപ്പാപ്പ ഈ ചോദ്യത്തിനു നല്കുന്ന ഉത്തരമിതാണ്: ഇവർക്കെല്ലാം ഒരു അഗ്നി പരീക്ഷണത്തിലൂടെ, ഒരു ശുദ്ധീകരണ പ്രക്രിയയിലൂടെ കടന്നുപോകേണ്ടിവരും (cfr. 1 കൊറി. 3, 12-15).

ഇവരുടെയൊക്കെ പാപമാലിന്യങ്ങളെ ദഹിപ്പിച്ച് ഇവരെ ശുദ്ധീകരിക്കുന്ന അഗ്നി എന്താണെന്നും മാർപ്പാപ്പ തന്റെ ചാക്രിയലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഈ അഗ്നി വിധിയാളനും രക്ഷകനുമായ ക്രിസ്തുവിന്റെ കടാക്ഷംതന്നെയായിരിക്കും. യേശുവിന്റെ കടാക്ഷം, യേശുവിന്റെ നോട്ടം അഗ്നിപോലെ, എല്ലാം ദഹിപ്പിക്കുന്ന ഒരു അനുഭവമായിരിക്കും ഇവരിൽ ഉളവാക്കുക. ഉദാഹരണത്തിന് യേശുവിനെ മൂന്നുപ്രാവശ്യം നിഷേധിക്കുന്ന പത്രോസിനെ നാം സുവിശേഷത്തിൽ കാണുന്നുണ്ടല്ലോ. ഭയംകൊണ്ടാണ് പത്രോസ് ആതെറ്റ് ചെയ്തതെങ്കിലും യേശുവിനോട് ആത്മാർത്ഥമായ സ്നേഹം ഹൃദയത്തിലുണ്ടായിരുന്നു. ഇതു മനസ്സിലാക്കിയ ബന്ധിതനും പീഢിതനുമായ യേശു പത്രോസിനെ

തിരിഞ്ഞുനോക്കി (ലൂക്കാ. 22, 61). ആ നോട്ടം പത്രോസിനു സഹിക്കാനായില്ല. യേശുവിന്റെ ആ കടാക്ഷം പത്രോസിനെ ദഹിപ്പിച്ചുകളഞ്ഞു. ഉടൻതന്നെ പത്രോസ് പുറത്തുപോയി മനംനൊന്തു കരഞ്ഞു. അങ്ങനെ യേശുവിന്റെ കടാക്ഷം പത്രോസിനെ മാനസാന്തരപ്പെടുത്തുകയും, ശുദ്ധീകരിക്കുകയും, രക്ഷപ്പെടുത്തുകയും ചെയ്തു. ഇതുപോലെ മരണനേരത്ത് വിധിയാളനായ യേശുവിന്റെ കടാക്ഷവും ദഹിപ്പിക്കുന്നതും ശുദ്ധീകരിക്കുന്നതുമായിരിക്കും. ദഹിപ്പിക്കുന്ന ഈ ശുദ്ധീകരണപ്രക്രിയയിലൂടെ കടന്നുപോകുവാൻ ജീവിതകാലത്ത് നാം അഭ്യസിച്ച ഉത്തരീയ ഭക്തി വളരെയേറെ ശക്തിപകർന്നുതരും.

മാതാവിനോടുള്ള ഭക്തി പ്രോത്സാഹിപ്പിക്കുവാനായി സഭതന്നെ നിർദ്ദേശിച്ചുതരുന്ന ഒരു ദിവസമാണല്ലോ ശനിയാഴ്ച. യഥാർത്ഥത്തിൽ മരണശേഷം ആഴ്ചകളോ, ദിവസങ്ങളോ, സമയമോ ഇല്ല. അതുകൊണ്ട് ഈ ശുദ്ധീകരണ പ്രക്രിയയുടെ കാലപരിധി കാലഗണനപരമായ അളവുകൾകൊണ്ട് തിട്ടപ്പെടുത്തുവാനാവില്ല. എങ്കിലും വെളിപാടുകളും വാഗ്ദാനങ്ങളും തരുമ്പോൾ മാതാവിന് നമ്മുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമുക്കെല്ലാം മനസ്സിലാകുന്ന ഭാഷയിലല്ലാതെ മറ്റൊരുവിധത്തിലും സംസാരിക്കാനാവില്ലല്ലോ. അതുകൊണ്ട് ശനിയാഴ്ചതോറും ശുദ്ധീകരണസ്ഥലത്തേക്ക് ഇറങ്ങിവന്ന് ഉത്തരീയം ധരിച്ചവരെ നിത്യശിക്ഷയിൽ നിന്നും മോചിപ്പിക്കുമെന്ന മാതാവിന്റെ വാഗ്ദാനത്തെ മാർപ്പാപ്പയുടെ പഠനങ്ങളുടെ വെളിച്ചത്തിൽവേണം നാം മനസ്സിലാക്കുവാൻ. അതായത്, ഉത്തരീയം ഭക്തിപൂർവ്വം ധരിച്ചുകൊണ്ട് ജീവിതകാലത്ത് ആത്മാർത്ഥതയോടെ വിശുദ്ധിയിൽ വളരാൻ ശ്രമിക്കുന്നവർക്ക്, മരണാവസരത്തിൽ ലഘുവായ പാപങ്ങളുണ്ടായിരുന്നാൽത്തന്നെയും വിധിയാളനായ ക്രിസ്തുവിന്റെ മുമ്പിൽ നില്ക്കുവാനും അവിടുത്തെ കടാക്ഷത്തിൽ നിന്നുളവാകുന്ന ശുദ്ധീകരണ പ്രക്രിയയിലൂടെ കടന്നുപോകുവാനും വേണ്ട സഹായം കർമ്മലമാതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യത്തിലൂടെ ലഭിക്കും.

## 7. ഉത്തരീയം മാതൃസംരക്ഷണത്തിന്റെയും മാതൃവാത്സല്യത്തിന്റെയും അടയാളം

ഉത്തരീയം കർമ്മലമാതാവ് തന്റെ ഭക്തർക്ക് നല്കുന്ന വസ്ത്രമാണ്. എന്താണ് പരിശുദ്ധ അമ്മ ഇതിലൂടെ ഉദ്ദേശിക്കുന്നതും അർത്ഥമാക്കുന്നതും? അമ്മ കുഞ്ഞിനെ വസ്ത്രം ധരിപ്പിച്ച് സമൂഹമദ്ധ്യേ അവതരിപ്പിക്കുന്നു. അമ്മ നൽകുന്ന വസ്ത്രം മാന്യതയുടെയും അന്തസ്സിന്റെയും അടയാളമാണ്. ചൂടിൽ നിന്നും തണുപ്പിൽ നിന്നും സംരക്ഷിക്കാനും അമ്മ കുഞ്ഞിനെ വസ്ത്രംകൊണ്ടു പൊതിയാറുണ്ട്. കുഞ്ഞിനെ സംബന്ധിച്ചിടത്തോളം മാതൃസാന്നിദ്ധ്യത്തിന്റെയും മാതൃസംരക്ഷണത്തിന്റെയും അനുഭവമാണ് വസ്ത്രം അതിനു നല്കുന്നത്. എത്രമനോഹരമായ വസ്ത്രങ്ങളാണ് അമ്മമാർ കുഞ്ഞുങ്ങൾക്കു നല്കുന്നത്. അമ്മ നല്കുന്ന വസ്ത്രം ധരിക്കുമ്പോഴുണ്ടാകുന്ന സ്നേഹവും സംരക്ഷണവും അനുഭവിച്ചുകൊണ്ടാ വ്യഗ്രതകളൊന്നുമില്ലാതെ കുഞ്ഞുങ്ങൾ പൂമ്പാറ്റകളെപ്പോലെ സന്തോഷഭരിതരായി പറന്നു നടക്കുന്നു. മറ്റെന്തിനെക്കാളും ഒരു കുഞ്ഞ് വിലമതിക്കുന്നതും അമ്മയുടെ ഈ സ്നേഹസാന്നിദ്ധ്യവും സംരക്ഷണവുമാണ്. നമ്മുടെ മാന്യതയും അന്തസ്സും സംരക്ഷിക്കുവാനും സ്നേഹം പകർന്നുതരാനുംവേണ്ടി നമ്മുടെ സ്വർഗ്ഗീയമാതാവ് നമ്മോടൊപ്പം എപ്പോഴുമുണ്ട് എന്നതിന്റെ അടയാളമായിട്ടാണ് മാതാവ് കുഞ്ഞുമക്കളായ നമുക്കു ഉത്തരീയമെന്ന തിരുവസ്ത്രം നല്കിയത്.

**8. ഉത്തരീയം ദൗത്യം ഭരമേല്പിക്കുന്നതിന്റെ അടയാളം**

വസ്ത്രത്തിന് ആഴമായ അർത്ഥംനല്കുന്ന വേദപുസ്തക ഭാഗങ്ങൾ ധാരാളമുണ്ട്. ഹോറബ് മലയിലെ ദൈവാനുഭവത്തിനുശേഷം ഏലിയ പ്രവാചകൻ താഴോട്ടുവന്നപ്പോൾ ഷാഫാത്തിന്റെ മകൻ ഏലീഷാ പന്ത്രണ്ട് ഏർകാളകളുമായി നിലം ഉഴുതുകൊണ്ടിരിക്കുകയായിരുന്നു. ഏലിയ തന്റെ മേലങ്കി ഏലീഷായുടെമേൽ ഇട്ടു. ഇതിന്റെ അർത്ഥം മനസ്സിലാക്കിയ ഏലീഷാ കൃഷിപ്പണിയെല്ലാം ആ നിമിഷത്തിൽത്തന്നെ ഉപേക്ഷിച്ചു. കാളയെകൊല്ലുകയും കലപ്പ കത്തിച്ച് അതിന്റെ മാംസം പാകം ചെയ്ത് ജനങ്ങൾക്ക് കൊടുക്കുകയും ചെയ്തു. എന്നിട്ട് സകലതും ഉപേക്ഷിച്ച് ഏലീയാ പ്രവാചകനെ അനുഗമിക്കുകയും പ്രവാചക ദൗത്യത്തിനായി തന്നെത്തന്നെ പൂർണ്ണമായും സമർപ്പിക്കുകയും ചെയ്യുന്നു. തന്റെ ദൗത്യം ഏലീഷായെ ഏല്പിക്കുന്നതിന്റെ അടയാളമായിട്ടാണ് ഏലിയാ സ്വന്തം വസ്ത്രം ഏലീഷായുടെമേൽ ഇട്ടത്. ആ നിമിഷത്തിൽ പഴയതെല്ലാം ഉപേക്ഷിച്ചിട്ട് ഏലീഷാ പുതിയ ദൗത്യനിർവ്വഹണത്തിലേക്ക് കടന്നു വരുകയും ചെയ്യുന്നു. ഇതുപോലെ കർമ്മലമാതാവ് തന്റെ വസ്ത്രം നമുക്കു തരുന്നതിലൂടെ പുതിയൊരു ദൗത്യം, അമ്മയെപ്പോലെ എപ്പോഴും എവിടെയും ദൈവസ്നേഹത്തിന് സാക്ഷ്യം വഹിക്കാനുള്ള ദൗത്യം നമ്മെ ഭരമേല്പിക്കുകയാണ്. ഉത്തരീയ ധാരികളെല്ലാം ഏലീഷാ പ്രവാചകനെപ്പോലെ പാപത്തിന്റേതായ പഴയമാർഗ്ഗങ്ങളെല്ലാം ഉപേക്ഷിച്ച് വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാൻ തങ്ങളെത്തന്നെ സമർപ്പിക്കണം.

**9. ഉത്തരീയം ശക്തികൈമാറുന്നതിന്റെ അടയാളം**

ദൗത്യം മാത്രമല്ല, ശക്തി കൈമാറുന്നതിന്റെ അടയാളം കൂടിയാണ് വസ്ത്രം. വീണ്ടും ഏലിയായുടെയും ഏലീഷായുടെയും കാര്യംതന്നെയെടുക്കാം. ഏലിയാ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതിനുമുൻപ് ഏലീഷായോടു ചോദിച്ചു: ''നിന്നിൽ നിന്ന് എടുക്കപ്പെടുന്നതിനുമുമ്പ് ഞാൻ എന്താണ് ചെയ്തു തരേണ്ടത്? ഏലീഷാ പറഞ്ഞു: അങ്ങയുടെ ആത്മാവിന്റെ ഇരട്ടിപങ്ക് എനിക്കു ലഭിക്കട്ടെ'' (2 രാജ. 2, 9). ഒരു ചുഴലിക്കാറ്റിൽ ഏലിയാ സ്വർഗ്ഗത്തിലേക്ക് ഉയരുമ്പോൾ അദ്ദേഹത്തിന്റെ മേലങ്കി താഴേക്കു വീഴുകയും ഏലീഷാ ആ മേലങ്കി കരസ്ഥമാക്കുകയും ചെയ്തു. ഏലിയായുടെ ശക്തി തന്നിലേക്ക് പ്രവഹിച്ചതിന്റെ അടയാളമായിട്ടാണ് ഏലീഷാ ആ മേലങ്കി സ്വീകരിച്ചത്. ദൈവത്തിന്റെ ശക്തി നമ്മിലേക്കു പ്രവഹിക്കുന്നില്ലെങ്കിൽ വിശുദ്ധിയുടെ പാതയിലൂടെ ഒരിഞ്ചുപോലും മുന്നോട്ടുപോകുവാൻ നമുക്കു സാധിക്കുകയില്ല. വിശുദ്ധിയിൽ വളരാനും നാമോരോരുത്തരെയും ഏല്പിച്ചിരിക്കുന്ന പ്രവാചകദൗത്യം വിശ്വസ്തതയോടെ നിറവേറ്റാനും ആത്മാർത്ഥമായി പരിശ്രമിക്കുന്നവർക്ക് വേണ്ട ദൈവത്തിന്റെ ശക്തി മാതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥതയാൽ നമ്മോടൊപ്പം എപ്പോഴുമുണ്ടാവുമെന്നതിന്റെ അടയാളമാണ് ഉത്തരീയം.

**10. ഉത്തരീയം എളിയ ശുശ്രൂഷകൾ ചെയ്യാനുള്ള ആഹ്വാനം**

ഇനിയും വിവിധതരത്തിലുള്ള ശുശ്രൂഷകൾ ചെയ്യുമ്പോൾ നാം ഒരു മേൽവസ്ത്രം ധരിക്കാറുണ്ട്. മാലിന്യങ്ങളെയൊന്നും ഭയപ്പെടാതെ ഏതു സാഹചര്യങ്ങളിലും കടന്ന് ചെന്ന് അങ്ങെയറ്റത്തെ എളിയ സേവനങ്ങൾ ചെയ്യുവാനും ഈ മേൽ വസ്ത്രം നമ്മെ സഹായിക്കുന്നു. എലിസബത്തിന്റെ ഭവനത്തിൽ ചെന്ന് ഇപ്രകാരമൊരു മേൽവസ്ത്രവും ധരിച്ച് മൂന്നുമാസത്തോളം അവൾക്ക് എളിയ സേവനങ്ങൾ ചെയ്തുകൊടുത്തവളാണ് മറിയം. ''എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരുവാനുള്ള ഭാഗ്യം

എനിക്കെവിടെനിന്ന്?'' (ലൂക്കാ. 1, 41) എന്ന് എലിസബത്ത് ചോദിക്കുന്നു. എന്നാൽ മറിയം തന്റെ വിലയും നിലയും അത്രകാര്യമായി ഗണിക്കുന്നില്ല. എളിയസേവനങ്ങൾ ചെയ്തുകൊടുക്കുന്നതാണ് മറിയത്തിന്റെ മഹത്വം. ഇതിന്റെ അടയാളമാണ് അവൾ ധരിച്ചിരിക്കുന്ന മേൽവസ്ത്രം, അഥവാ ഉത്തരീയം. അലസത വെടിഞ്ഞ് എപ്പോഴും കർത്തവ്യനിർവ്വഹണത്തിൽ വ്യാപൃതരായിരിക്കുവാനും വേണ്ടിവന്നാൽ നമ്മുടെ വിലയും നിലയുമൊക്കെ മറന്ന് ഏത് എളിയ സേവനത്തിനും നാം തയ്യാറായിരിക്കണമെന്ന ആഹ്വാനമാണ് ഉത്തരീയത്തിലൂടെ പരിശുദ്ധദേവ മാതാവ് നമുക്കു നല്കുന്നത്.

ഇങ്ങനെ ഉത്തരീയ ഭക്തിയുടെ അന്തരാർത്ഥം മനസ്സിലാക്കുവാനും ഈ ഭക്തിയിൽ വളരുവാനും എല്ലാവരും കർമ്മലമാതാവ് നല്കിയ വാഗ്ദാനങ്ങൾക്ക് അർഹരാകുവാനായി ഈ ഭക്തി പ്രചരിപ്പിക്കുവാനും നിങ്ങൾക്കേവർക്കും സാധിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.